# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1575 | 14.07.2016- ൽ മറുപടിയ്ക്ക് |
|---|---|

## ഉപഭോക്തൃ വസ്തുക്കളുടെ നികുതി വർദ്ധനവ് സംബന്ധിച്ച്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ശ്രീ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ ഏതെല്ലാം ഉപഭോക്തൃവസ്തുക്കളുടെ നികുതി നിലവിൽ ഉണ്ടായിരുന്നതിനേക്കാളും കൂട്ടിയെന്നുള്ള വിവരം, ഓരോന്നിന്റെയും വർദ്ധനവ് എത്ര ശതമാനമെന്നതുൾപ്പെടെ ഒരു പട്ടിക രൂപത്തിൽ നൽകാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ വസ്തുക്കൾക്ക് നികുതി വർദ്ധനവ് ശുപാർശ ചെയ്തശേഷവും നികുതി വീണ്ടും കുറച്ചിരിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവ എന്തൊക്കെയെന്നുള്ള വിവരം വിശദമായി വിവരിക്കുമോ; | (ബി) & (സി) | 2011-16 വർഷക്കാലയളവിൽ ബഡ്ജറ്റ് പ്രഖ്യാപനം വഴി നികുതി വർദ്ധനവ് ശുപാർശ ചെയ്തിട്ടുള്ളതും എന്നാൽ കേരള ധനകാര്യ ബിൽ പ്രകാരം ഈ വർദ്ധനവ് പ്രാബല്യത്തിൽ വരാത്തതുമായ ഉപഭോക്തൃ വസ്തുക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ അരി, അരി ഉത്പ്പന്നങ്ങൾ, ഗോതമ്പ് എന്നിവയുടെ നികുതി നിരക്ക് 0% ൽ നിന്നും 1% ആയും മൈദ, ആട്ട, സൂജി, റവ എന്നിവയുടെ നികുതി നിരക്ക് 0% ൽ നിന്നും 5% മായി വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്തിരുന്നു. പഞ്ചസാരയ്ക്ക് 2% നികുതി ചുമത്താനും ശുപാർശ |
| (സി) | ഉണ്ടെങ്കിൽ ഇതുമൂലം ഖജനാവിനു വന്ന നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. വെളിച്ചെണ്ണയുടെ നികുതിയും 0% ൽ നിന്നും 1% ആയി വർദ്ധിപ്പിക്കാൻ ശുപാർശ ചെയ്തിരുന്നു.<br><br>2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ചയിൽ മേൽ പറഞ്ഞരീതിയിൽ ശുപാർശ ചെയ്തിരുന്ന വർദ്ധനവ് പിൻവലിച്ചു. ഇതുവഴി 260 കോടി രൂപയുടെ നികുതിയാണ് പിൻവലിച്ചിട്ടുള്ളത്. |

Rhuam

സെക്ഷൻ ഓഫീസർ

## അനുബന്ധം

| കേരള ധനകാര്യ നിയമം 2011 | | |
|---|---|---|
| ഉപഭോക്തൃ വസ്തുക്കളുടെ പേര് | നിലവിലെ നികുതി നിരക്ക് | കൂട്ടിയ നികുതി നിരക്ക് |
| പാൻമസാല, പാൻ ചട്ട്ണി തുടങ്ങിയ ചവയ്ക്കുന്ന പുകയില ഉൽപ്പന്നങ്ങൾ | 14.50% | 20.00% |
| 20 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള ആഡംബര കാറുകൾ (എസ്സൻഷ്യൽ നെസസ്സറീസ് സെസ്സ്) | 0% | 2.00% |
| വിദേശ മദ്യം (സാമൂഹ്യ സുരക്ഷാ സെസ്സ്) | 1.00% | 6.00% |
| **കേരള ധനകാര്യ നിയമം 2012** | | |
| സിഗരറ്റ് സമാന ഉൽപ്പന്നങ്ങൾ | 12.50% | 15.00% |
| പാൻമസാല, പുകയില ഉൽപ്പന്നങ്ങൾ | 20.00% | 22.50% |
| പ്ലാസ്റ്റിക് ബാഗുകൾ | 5.00% | 20.00% |
| വിദേശ മദ്യം (സാമൂഹ്യ സുരക്ഷാ സെസ്സ്) | 6.00% | 10.00% |
| **കേരള ധനകാര്യ നിയമം 2013** | | |
| സിഗരറ്റ് സമാന ഉൽപ്പന്നങ്ങൾ | 15.00% | 20.00% |
| വിദേശ മദ്യം | 100.00% | 105.00% |
| പ്ലാസ്റ്റിക് നിർമ്മിത ഡിസ്പോസിബിൾ കപ്പുകൾ, ഇലകൾ പ്ലേറ്റുകൾ | 5.00% | 20.00% |
| **കേരള ധനകാര്യ നിയമം 2014** | | |
| വിദേശ മദ്യം (ഒരു കെയ്സിന് 400 രൂപയോ അതിൽ കൂടുതലോ) | 105.00% | 115.00% |
| വെളിച്ചെണ്ണ ഒഴികെയുള്ള ഭക്ഷ്യ എണ്ണകൾ | 0% | 5.00% |
| യു.പി.എസ്. | 5.00% | 14.50% |
| **കേരള ടാക്സേഷൻ ലോ അമൻഡ്മെന്റ് ആക്ട്.** | | |
| കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽവിലയുള്ള ബിയർ , വൈൻ എന്നിവ ഒഴികെയുള്ള വിദേശ മദ്യം | 115.00% | 135.00% |
| ബിയർ, വൈൻ | 50.00% | 70.00% |

| | | |
|---|---|---|
| മറ്റു വിദേശ മദ്യം | 105.00% | 125.00% |
| സിഗരറ്റ് | 22.00% | 30.00% |
| **കേരള ധനകാര്യ നിയമം 2015** | | |
| ചലച്ചിത്രങ്ങളുടെ പകർപ്പവകാശ കൈമാറ്റം, നൈലോൺ കയർ, പോളിസ്റ്റർ കയർ, പോളിസ്റ്റർ ട്വയിൻ, പ്ലാസ്റ്റിക്ക് നിർമ്മിതമായ ചൂല്, ബ്രഷ്, മോപ്പ്, പ്രിപ്പയേർഡ് പൗൾട്രി ഫീഡ് | 0% | 5.00% |
| തുണിത്തരങ്ങൾ | 0% | 1.00% |
| ബീഡി | 0% | 14.50% |
| ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് വിജ്ഞാപനം ചെയ്യുന്ന ഏജൻസികൾ, ആർ. ബി. ഐയുടെ അംഗീകാരമുള്ളവർ സംസ്ഥാനത്ത് വില്ക്കുന്ന ബുള്യൻ ഒഴിച്ച് മറ്റുള്ള ബുള്യൻ | 1.00% | 5.00% |
| പ്ലാസ്റ്റിക്ക് കളിപ്പാട്ടങ്ങൾ | 5.00% | 14.50% |
| പ്ലാസ്റ്റിക്ക് കപ്പ്, പ്ലേറ്റ്, ഡിസ്പോസബിൾ സ്റ്റൈറോഫോം കപ്പ്, പ്ലേറ്റ്, തെർമോകോൾ, സ്റ്റൈറോഫോം ഷീറ്റ്, പ്രിന്റഡ് ഫ്ലക്സ് | 5.00% | 20.00% |

Rkan

സെക്ഷൻ ഓഫീസർ